1 കോറി 14: 1–12
ലൂക്കാ 12:22–34 (16–34)

ജൂൺ 21 : ശ്ലീഹാക്കാലം അഞ്ചാം ഞായർ

ഭാഷ്യം

1 കോറി 14: 1–12

I. സന്ദർഭം

കോറിന്തോസിലെ സഭ ദൈവാത്മാവിന്റെ ദാനങ്ങളാലും വരങ്ങളാലും സമ്പുഷ്ടയായിരുന്നു (1 കോറി 1: 5–6). ഭാഷാവരവും പ്രവചനവരവും തമ്മിൽ സഭാജീവിതത്തിൽ അസ്വസ്തത ഉണ്ടാകത്തക്കവിധം, സമൂഹത്തിൽ തർക്കം നിലനിന്നിരുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഈ രണ്ടുവരങ്ങളും എങ്ങനെയാണ് സഭയുടെ ഉത്ക്കർഷത്തിനായി ഉപയോഗപ്പെടുത്തേണ്ടതെന്ന് അപ്പസ്തോലൻ ഇന്നത്തെ വായനയിൽ വിശദമാക്കുകയാണ് ചെയ്യുന്നത്.

II. പ്രമേയം

1. ഭാഷാവരമുള്ളവരും പ്രവചനവരമുള്ളവരും ആത്യന്തികമായി ലക്ഷ്യം വയ്ക്കേണ്ടത് യഥാർത്ഥ സ്നേഹത്തിൽ വളരാനാണ്. 1 കോറി 13: 1–13 മുഴുവനും ഈ സ്നേഹത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്.

2. ഭാഷാവരം ഓരോരുത്തനും ആദ്ധ്യാത്മികതയിൽ വളരാൻ ഉപകരിക്കുന്നു. പ്രവചനവരം സമൂഹത്തിന്റെ വളർച്ചയ്ക്കായി നൽകപ്പെട്ടിരിക്കുന്നു.

3. ഈ രണ്ടുവരങ്ങളും സഭാജീവിതത്തിൽ പ്രധാനപ്പെട്ടതാണ്. എങ്കിലും പ്രവചനവരത്തിന് മുൻഗണന കൊടുക്കേണ്ടിയിരിക്കുന്നു.

4. സഭയ്ക്ക് വളരാൻ സഹായകമായ പ്രബോധനവും വിജ്ഞാനവും വെളിപാടുമാണ് പ്രവചനവരം വഴിയായി നൽകപ്പെടുന്നത്. പ്രവചനവരത്തിന് നൽകപ്പെട്ടിരിക്കുന്ന പ്രാമുഖ്യം സൂചിപ്പിക്കുന്നത് വ്യക്തികളേക്കാൾ സഭയ്ക്ക് പൗലോസ് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നു എന്ന കാര്യമാണ്.

III. സന്ദേശം

1. ദൈവാത്മാവ് ഓരോ വ്യക്തിക്കും വിവിധങ്ങളായ ദാനങ്ങൾ നൽകിയിരിക്കുന്നു (1 കോറി 12:4–6). എന്നാൽ ഈ ദാനങ്ങളെല്ലാം സഭയെ വളർത്താൻ

വേണ്ടി നൽകപ്പെട്ടിരിക്കുന്നവയാണ് (1 കോറി 12:7). സഭ വഴിയായി മനുഷ്യ വർഗ്ഗത്തെ ഒരുമിച്ചു കൂട്ടുന്നത് യേശു ക്രിസ്തുവാണ് (എഫേ 1: 10-13). പഴയനി യമത്തിലും പുതിയ നിയമത്തിലും ദൈവജനത്തിനാണ് വ്യക്തികളേക്കാൾ കൂടുതൽ പ്രാധാന്യം നൽകപ്പെട്ടിരിക്കുന്നത്. ക്രിസ്തുവിന്റെ ശരീരമായിട്ടാണ് സഭയെ വി.പൗലോസ് കാണുന്നത് (1 കോറി 12:27-30). അവിടെ വിവിധ കഴിവുകളും ദൗത്യങ്ങളും ഉള്ള അംഗങ്ങൾ ഉണ്ട് (1 കോറി 12:4-11). സഭയുടെ ജീവിതമെന്നു പറയുന്നത് അതിലെ അംഗങ്ങളുടെ ജീവിതത്തിന്റെ ആകെ ത്തുകയാണ് (1 കോറി 12:12-26).

2. വ്യക്തികളുടെ താൽപര്യവും സഭയുടെ (സമൂഹത്തിന്റെ) താൽപര്യവും തമ്മിൽ സംഘട്ടനം ഉണ്ടാകുന്ന അവസരങ്ങൾ ഉണ്ടാകാം. അങ്ങനെയുള്ള സാഹചര്യങ്ങളിൽ സ്വന്തം താൽപര്യങ്ങൾക്കും ആശയങ്ങൾക്കും അപ്പുറം ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള സന്മനസ്സാണ് വിശ്വാസികൾക്കുണ്ടാകേ ണ്ടത്. വ്യക്തിപരമായ താൽപര്യങ്ങൾക്കു പുറകിൽ പലപ്പോഴും സ്വാർ ത്ഥതയാണുള്ളത്. നമ്മൾ അറിയാതെ തന്നെ സ്വാർത്ഥതാൽപര്യങ്ങൾ പുണ്യ ത്തിന്റെ മുഖം മൂടിയണിഞ്ഞ് പുറത്തുവരാം. (2 കോറി 11:14). ക്രൈസ്തവ സമൂഹങ്ങൾക്കിടയിൽ ഉടലെടുത്തിട്ടുള്ളതും ഇന്നും തലപൊക്കുന്നതുമായ വിഘടനവാദങ്ങൾ ചരിത്രദൃഷ്ട്യാ പരിശോധിക്കുമ്പോൾ ഈ യാഥാർത്ഥ്യം മനസ്സിലാക്കാൻ കഴിയും. ദൈവത്തിന്റെ വാഗ്ദാനം തന്നെ അബ്രാഹത്തിന്റെ സന്തതികളെ ഒരു ജനതയാക്കും. എന്നായിരുന്നു (ഉൽപ 12:1-4).

ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ

ലൂക്കാ 12:22-34 (16-34)

I. സന്ദർഭം

ലൂക്കായുടെ സുവിശേഷത്തിന്റെ മധ്യഭാഗത്താണ് ജറുസലെമിലേക്കുള്ള യാത്ര (9:51-19:46). ധനാസക്തിയുടെ അപകടത്തെക്കുറിച്ചും ദൈവപരിപാല നയുടെ ആവശ്യകതയെക്കുറിച്ചുമുള്ള പാഠമാണ് ഇന്നത്തെ വചനഭാഗം. ഭയം കൂടാതെ യേശുവിനു സാക്ഷ്യം നൽകണമെന്നാണ് 12:1-12ൽ പറയുക. പരിശു ദ്ധാത്മാവിന്റെ പിൻബലമാണ് ഇതിന്റെ അടിസ്ഥാനം (12:12). ഇതിനെ തുടർ ന്നുള്ളതാണ് ഇന്നത്തെ വചനഭാഗം.

II. പ്രമേയം

ഒരു ശ്രോതാവ് സ്വത്തുതർക്കം തീർക്കാൻ യേശുവിനോട് അപേക്ഷിക്കുന്ന പശ്ചാത്തലത്തിലാണ് (12:13-15) യേശു പഠിപ്പിക്കുന്നത്. രണ്ട് പ്രമേയങ്ങളാണ് ഇതിൽ പ്രധാനമായിട്ടുള്ളത്. 1. തനിക്കുവേണ്ടി സമ്പത്തു ശേഖരിച്ചു വയ്ക്കു ന്നതിന്റെ അപകടം (12:16-21). 2. ദൈവത്തിൽ ആശ്രയിക്കേണ്ടതിന്റെ ആവശ്യ കത (12:22-34).

III. സന്ദേശം

1. കൃഷിസ്ഥലം സമൃദ്ധമായ വിളവ് നൽകിയപ്പോൾ കൃഷിക്കാരന്റെ ഉത്ക്കണ്ഠ - ഞാൻ എന്തു ചെയ്യുമെന്നാണ്? (12:7). സമ്പത്ത് കൂട്ടുന്നതിനനുസരിച്ച് ഉത്ക്കണ്ഠ കൂടാനുള്ള സാധ്യതയാണുള്ളത്. ഇത് വലിയൊരു അപകടമാണ്. ഈ അപകടത്തിൽ നിന്നും ഒഴിവാകാനുള്ള മാർഗ്ഗമാണ് ഈശോ പഠിപ്പിക്കുന്നത് - ദൈവത്തിൽ സമ്പന്നനാകണം (12:21). ദൈവത്തിൽ സമ്പന്നനാകുകയെന്നുപറഞ്ഞാൽ, ദൈവത്തിൽ വിശ്വസിക്കുക (12:28); അവനിൽ ശരണം വയ്ക്കുക. ദൈവം സ്വന്തം മകനെ/മകളെയെന്നപോലെ നിന്നെ പരിപാലിക്കുമെന്ന വിശ്വാസത്തിൽ ജീവിക്കുക.

2. ദൈവത്തിൽ സമ്പന്നനാകുന്നതിന് മറ്റൊരു വശം കൂടിയുണ്ട്. അതാണ് ദൈവത്തിന്റെ രാജ്യം അന്വേഷിക്കാനുള്ള നിർദ്ദേശത്തിൽ അടങ്ങിയിരിക്കുന്നത് (12:31). അതിന്റെ പ്രായോഗികവശമാണ് നിങ്ങൾക്കുള്ളവ വിറ്റ് ധർമം കൊടുക്കാനുള്ള നിർദ്ദേശം (12:33). സമ്പത്ത് കൂടുന്നതിന് അനുസരിച്ച് നീ കൊടുത്തുകൊണ്ടിരിക്കണം. അതിനനുസരിച്ച് സ്വർഗ്ഗത്തിലെ നിന്റെ നിക്ഷേപം കൂടിക്കൊണ്ടിരിക്കും (12:33); ദൈവത്തിൽ നീ സമ്പന്നനായിക്കൊണ്ടിരിക്കും. അതിനാൽ ചെറിയവർക്ക് നിന്റെ സമ്പത്ത് കൊടുക്കാനുള്ള അവസരം നീ നഷ്ടമാക്കരുത്.

3. ഭക്ഷണ വസ്ത്രാദികളെയോർത്ത് ഉത്ക്കണ്ഠപ്പെടരുതെന്നാണ് ഈശോ പഠിപ്പിക്കുന്നത് (12:22-23). അത് ഏറ്റവും പ്രാഥമികമായ ആവശ്യങ്ങൾ. അതുപോലെ മറ്റുള്ളവയെ ഓർത്തും ആകുലപ്പെടരുത്. അതിന് ഈശോ പറയുന്ന ന്യായം ലളിതമാണ്. ഉത്ക്കണ്ഠാകുലരാകുന്നതുകൊണ്ട് ആയുസ്സിന്റെ ദൈർഘ്യം കൂട്ടാൻ നിനക്കാകില്ല (12:25). കൂട്ടാനാകില്ലെന്നു മാത്രമല്ല, ഉത്ക്കണ്ഠാകുലരായാൽ ആയുസിന്റെ ദൈർഘ്യം കുറഞ്ഞു കുറഞ്ഞു വരും. ഉത്ക്കണ്ഠ - ടെൻഷൻ മൂലം നീ അകാലത്തിൽ മരിച്ചുപോയെന്നുമിരിക്കും. അതിനാൽ നിനക്ക് ഒരു ഗുണവും ചെയ്യാത്ത ഉത്ക്കണ്ഠയിലേക്ക് നീ വഴുതി വീഴരുത്; പകരം ദൈവാശ്രയത്തിന്റെ കരങ്ങളിലാണ് നീ വിശ്രമിക്കേണ്ടത്.

ഡോ. ജേക്കബ് നാലുപറയിൽ

പ്രസംഗം:
യഥാർത്ഥ ജീവൻ

പൂരം കഴിഞ്ഞ് അച്ഛന്റെ വിരൽതുമ്പിൽ തൂങ്ങി അവൻ വീട്ടിലേക്ക് മടങ്ങുകയാണ്. അവന്റെ കുഞ്ഞുമനസ്സു നിറയെ ആനയും പാപ്പാനുമാണ്. ഇത്ര ചെറിയ മനുഷ്യനായ പാപ്പാൻ ഇത്ര വലിയ ആനയെ എങ്ങനെ മെരുക്കുന്നു! ഇടത്തോട്ട് തിരിയാൻ പറയുമ്പോൾ അത് തിരിയുന്നു. വലത്തോട്ട് തിരിയാൻ പറയുമ്പോൾ വലത്തോട്ട് തിരിയുന്നു. പാപ്പാന്റെ പിന്നാലെ അനുസരണയോടെ

നടക്കുന്നു. അങ്ങനെ എത്രയെത്ര കാര്യങ്ങൾ. അവന്റെ സംശയങ്ങൾ തീർന്നിട്ടില്ലായിരുന്നു. പാപ്പാൻ ആനയെ വേദനിപ്പിച്ചിട്ടും എന്തുകൊണ്ടാണ് അത് തിരിച്ച് ആക്രമിക്കാത്തത്? ചോദ്യങ്ങൾ നിരവധി അവനിൽ ഉയരുന്നു.

ഒടുവിൽ മടിച്ച് മടിച്ച് അവൻ അവന്റെ അച്ഛനോട് ചോദിച്ചു: "ആന എന്തേ മനുഷ്യനെ ആക്രമിക്കാത്തത്?" ഒരു ചെറു പുഞ്ചിരിയോടെ അച്ഛൻ അവനോടു പറഞ്ഞു; "ആനയ്ക്ക് ആനയുടെ വലിപ്പവും ശക്തിയും അറിയില്ല മോനെ." ഒരു പക്ഷേ ഇന്നത്തെ തിരുവചനം ധ്യാനിക്കുമ്പോൾ മനസ്സിലുയരുന്നത് മനുഷ്യന് തന്റെ തന്നെ മഹത്വവും വിലയും തിരിച്ചറിയുന്നില്ലല്ലോ എന്ന വേദനയാണ്. ആനയ്ക്ക് ആനയുടെ വലുപ്പം അറിയാത്തതുപോലെ മനുഷ്യന് തന്റെ തന്നെ മഹത്വം തിരിച്ചറിയാൻ സാധിക്കുന്നില്ല.

ആകസ്മികമായി സൃഷ്ടിക്കപ്പെട്ടതല്ല മനുഷ്യനെന്നും പകരം അനാദിമുതലേ സൃഷ്ടകർത്താവിന്റെ മനസ്സിൽ രൂപീകൃതമായതും അനുയോജ്യമായ നിമിഷത്തിൽ ദൈവത്തിന്റെ രൂപത്തിലും സാദൃശ്യത്തിലും ഈ ഭൂമിയിൽ ജനിച്ചവനുമാണ് അവനെന്നുമുള്ള തിരിച്ചറിവ് ഇന്ന് മനുഷ്യന് കൈമോശം വന്നിരിക്കുന്നു. അതുകൊണ്ടുതന്നെ അവൻ ഭൂമിയിൽ അന്വേഷിക്കുന്നത് നശ്വരമായ അപ്പവും വസ്ത്രവുമാണ്. മരുഭൂമിയിലെ പരീക്ഷണവേളയിൽ സാത്താൻ ദൈവപുത്രനോട് ആവശ്യപ്പെടുന്നുണ്ട്; കല്ലുകളെ അപ്പമാക്കി ഭക്ഷിക്കാൻ. നാല്പതു ദിവസത്തെ ജലപാനം പോലുമില്ലാത്ത ഉപവാസത്തിനു ശേഷമുള്ള സാത്താന്റെ ശക്തമായ പ്രലോഭനത്തിനു കർത്താവിന്റെ മറുപടി മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത് എന്നായിരുന്നു. പകരം ദൈവത്തിന്റെ വചനങ്ങൾക്കൊണ്ടുകൂടിയാണ് അവൻ ജീവിക്കുന്നത്. എന്ത് ഭക്ഷിക്കും എന്ത് ധരിക്കും എന്നു ജീവനെ പറ്റി നിങ്ങൾ ആകുലരാകേണ്ട എന്നരുൾച്ചെയ്യുമ്പോൾ ഈശോ ശാരീരിക ജീവനെ അല്ല അർത്ഥമാക്കുന്നത് എന്നു ചുരുക്കം. പകരം ദൈവത്തിന്റെ വചനം കൊണ്ട് നിറയുന്ന ദൈവീക ജീവനെയാണ് അർത്ഥമാക്കുന്നത്.

താൻ തന്നെയാണ് ജീവൻ എന്നരുൾച്ചെയ്യുന്നുണ്ട് (യോഹ 14:6). വഴിയും സത്യവും ജീവനും ഞാനാകുന്നു. ഈശോയെ സ്വീകരിക്കുന്നവർക്ക് അവനെ തിരിച്ചറിയുന്നവർക്ക് അവനാണ് ജീവൻ. അവൻ മാത്രമാകുന്നു ജീവൻ, നശ്വരമായ അപ്പവും വസ്ത്രവുമല്ല. ഇന്ന് നശിച്ചുപോകുന്ന, ചിതലരിക്കുന്ന, പണത്തിനും പ്രതാപത്തിനും പിന്നാലെ ചിന്തയില്ലാതെ പായുന്ന മനുഷ്യൻ നിത്യജീവനെ നഷ്ടപ്പെടുത്തുകയാണ്. ചരിത്രം നേർസാക്ഷ്യങ്ങളായി നമുക്കു മുന്നിൽ നിൽക്കുന്നുണ്ട്. എല്ലാം നേടിയിട്ടും ഒന്നും നേടാത്തവനായി ഈ ലോകം വിട്ടുപോകേണ്ടിവന്ന അലക്സാണ്ടർ ചക്രവർത്തിയും മറ്റും ലോകത്തിന്റെ നശ്വരതയെ ജീവിതംകൊണ്ട് എടുത്തു പറയുന്നു. ലോകം തരുന്ന ജീവനല്ല പകരം സത്യദൈവത്തെ തിരിച്ചറിയുന്ന യഥാർത്ഥ ജീവിതത്തെ നമുക്കു സ്വീകരിക്കാം.

ഡോ. മജോ മരോട്ടിക്കൽ